ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD//PD/824/2026-GEA3 തീയതി: 11-09-2026

നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കാസർഗോഡ് ജില്ലയിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രശ്മി.ടി.ആർ എന്നയാളെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:
1. തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29.08.2025 തീയതിയിലെ LSGD/JD/ KSD/2499/2025- B6 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.07.2019 തീയതിയിലെ സ.ഉ(സാധാ)നം.1597/2019 തസ്വഭവ നമ്പർ ഉത്തരവ്.
3. ഈ ഓഫീസിൽ നിന്നും 20.01.2026 തീയതിയിൽ നൽകിയ LSGD/PD/824/2026-GEA3 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ്ഡയറക്ടറുടെ 10.08.2026 തീയതിയിലെ LSGD/JD/KSD/2499/2025- B6(2) നമ്പർ കത്ത്.
5. 01.10.2020 മുതൽ 31.12.2021 വരെ മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ 27.05.2022 തീയതിയിലെ PAN/1805/2022-E6(DP) നമ്പർ ഉത്തരവ് പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റ്.

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി രശ്മി.ടി.ആർ എന്നയാളെ സൂചന (5) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സൂചന (1) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കാസർഗോഡ് ജില്ലാ പി.എസ്സ്.സ്സി ഓഫീസറുടെ 08.05.2019 തീയതിയിലെ KGD1(3)1247/17(13) നമ്പർ നിയമന ശുപാർശ പ്രകാരം കാസർഗോഡ് ജില്ലയിൽ ബെള്ളൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.രശ്മി.ടി.ആറിന് തുടർ പഠനത്തിനായി സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവേശന കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതും തുടർന്ന് പഠന കാലാവധി പൂർത്തീകരിച്ച്

16.11.2021 തീയതിയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീമതി.രശ്മി.ടി.ആർ ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റുകളിൽ ഒന്നിലും തന്നെ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനെ നിയമാനുസൃതം ജില്ലാ തല ലിസ്റ്റിൽ ഉൾപ്പെടുത്തി ആക്ഷേപം ക്ഷണിച്ച് അന്തിമ ഉത്തരവാക്കുന്നതിന് സൂചന (3) പ്രകാരം കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും ആയതു പ്രകാരം അപേക്ഷകയെ ജില്ലാ തല ലിസ്റ്റിൽ ഉൾപ്പെടുത്തി അന്തിമ ഉത്തരവാക്കി ക്ലർക്കുമാരുടെ സംസ്ഥാന തല ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സൂചന (4) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ടിയാൻ ജോലിയിൽ പ്രവേശിച്ച 16.11.2021 തീയതി അഡ്വൈസ് തീയതിയായി കണക്കാക്കി സൂചന (5) സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 419-ശ്രീമതി ലിജിഷ.എ എന്നയാൾക്കും ക്രമ നമ്പർ 420- ശ്രീമതി ഐശ്വര്യ.സി എന്നയാൾക്കും ഇടയിൽ 419A ആയി ടിയാനെ ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ഉചിത മാർഗ്ഗേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപം ലഭ്യമാക്കാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Nizam S A
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്കു വേണ്ടി,

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. സെക്രട്ടറി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ജോയിൻറ് ഡയറക്ടർ മുഖേന)
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.